(സി) ഉണ്ട്.

(ഡി) രണ്ടാം ഘട്ട അലോട്ട്മെന്റ് വേളയിൽ പുതുതായി അനുവദിച്ച കോളേജുകളിലെ ഒഴിവുകളിലേക്ക് "സേ" പരീക്ഷ പാസ്സായ വിദ്യാർത്ഥികളെ പരിഗണിക്കുന്നതാണ്.

(ഇ) പരിശോധിക്കാവുന്നതാണ്.

**എസ്.ആർ.സി. സ്റ്റേറ്റ് ലിറ്ററസി മിഷൻ അതോറിറ്റി എന്നീ സ്ഥാപനങ്ങളുടെ പ്രവർത്തനം**

**160 (3723)** ശ്രീ. എ. കെ. ബാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) എസ്.ആർ.സി. സ്റ്റേറ്റ് ലിറ്ററസി മിഷൻ അതോറിറ്റി എന്നീ സ്ഥാപനങ്ങളുടെ പ്രവർത്തനം മെച്ചപ്പെടുത്താൻ ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം എന്തെല്ലാം നടപടികളാണ് സ്വീകരിച്ച് നടപ്പിലാക്കിക്കൊണ്ടിരിക്കുന്നത് ;

(ബി) ഇവയുടെ പ്രവർത്തനം മെച്ചപ്പെടുത്താൻ കഴിഞ്ഞ രണ്ട് സാമ്പത്തിക വർഷങ്ങളിൽ എന്തു തുക വകയിരുത്തിയിട്ടുണ്ടെന്നും അതിന് എന്ത് തുക ചെലവഴിച്ചിട്ടുണ്ടെന്നും വെളിപ്പെടുത്തുമോ ;

(സി) എസ്.ആർ.സി. സ്റ്റേറ്റ് ലിറ്ററസി മിഷൻ എന്നിവയുടെ പ്രവർത്തനത്തിൽ കൂടുതൽ തുക അനുവദിക്കാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) സ്റ്റേറ്റ് റിസോഴ്സ് സെന്ററിന്റെ പ്രവർത്തനങ്ങൾ മെച്ചപ്പെടുത്തുവാനായി പൊതുവിദ്യാഭ്യാസ സെക്രട്ടറി ചെയർമാനായി ഗവേണിങ്ങ് ബോഡി പുനഃസംഘടിപ്പിച്ചു. തുടർന്ന് സംസ്ഥാനത്ത് നടന്നുവരുന്ന തുടർ വിദ്യാഭ്യാസ പരിപാടികൾക്കാവശ്യമായ അക്കാഡമിക്/ടെക്നിക്കൽ റിസോഴ്സ് സപ്പോർട്ട് നൽകുവാനുതകുന്ന തരത്തിൽ എസ്.ആർ.സി.യുടെ പ്രവർത്തനങ്ങൾ സംസ്ഥാന ലിറ്ററസി മിഷന്റെ പ്രവർത്തനങ്ങളുമായി ഏകോപിപ്പിച്ച് വരികയാണ്.

സംസ്ഥാന സാക്ഷരതാ മിഷൻ അതോറിറ്റിയുടെ കീഴിൽ നടന്നുവരുന്ന തുടർവിദ്യാഭ്യാസ പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തുന്നതിനായി പ്രധാനമായി താഴെപ്പറയുന്ന കാര്യങ്ങളാണ് ചെയ്തിട്ടുള്ളത്.

1. കേന്ദ്രങ്ങളുടെ ശാക്തീകരണ യജ്ഞം
2. അക്ഷര സൗഹൃദ സന്ദർശനം
3. അക്ഷര വിരുന്ന്
4. മൈക്രോപ്ലാനുകളുടെ രൂപീകരണം
5. പ്രേരക് സമാഗമം

LIBRARY ARCHIVES Kerala Legislative Assembly

(ബി) സ്റ്റേറ്റ് റിസോഴ്സ് സെന്റർ കേന്ദ്ര സർക്കാരിന്റെ സാമ്പത്തിക സഹായത്തോടെയാണ് പ്രവർത്തിച്ച് വരുന്നത്. സംസ്ഥാന സാക്ഷരതാ മിഷന്റെ കീഴിൽ നടന്നുവരുന്ന തുടർ വിദ്യാഭ്യാസ പരിപാടികൾ 100% കേന്ദ്ര സർക്കാരിന്റെ ഗ്രാന്റിലാണ് പ്രവർത്തിച്ചുവരുന്നത്. എന്നാൽ ആദ്യമായി 2003-04 വർഷത്തെ സംസ്ഥാന ബഡ്ജറ്റിൽ 40 ലക്ഷം രൂപ സംസ്ഥാന സാക്ഷരതാ മിഷന്റെ പ്രവർത്തനങ്ങൾക്കായി വകകൊള്ളിച്ചിട്ടുണ്ട്. ഇതിൽനിന്നും 10 ലക്ഷം രൂപ ജി.ഒ.(എം.എസ്.)188/2003/പൊ.വി.മി. 18-7-2003 പ്രകാരം സാക്ഷരതാ മിഷന് അനുവദിച്ചിട്ടുണ്ട്.

(സി) സ്റ്റേറ്റ് റിസോഴ്സ് സെന്ററിന് അടുത്ത വർഷം മുതൽ സംസ്ഥാന ബഡ്ജറ്റിൽ തുക വകകൊള്ളിക്കാനുള്ള പ്രൊപ്പോസൽ സംസ്ഥാന സർക്കാരിന്റെ പരിഗണനയിലാണ്. സംസ്ഥാന സാക്ഷരതാ മിഷന് 2003-04 വർഷത്തെ സംസ്ഥാന ബഡ്ജറ്റിൽ 40 ലക്ഷം രൂപ സാക്ഷരതാ മിഷന്റെ പ്രവർത്തനങ്ങൾക്ക് വകകൊള്ളിച്ചിട്ടുണ്ട്.

**അനൗപചാരിക-തുടർ വിദ്യാഭ്യാസ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കാനുള്ള നടപടി**

**161 (3724)** ശ്രീ. കെ. നാരായണക്കുറുപ്പ് :
ശ്രീ. തോമസ് ചാഴികാടൻ :
ശ്രീ. റോഷി അഗസ്റ്റിൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) അനൗപചാരിക-തുടർ വിദ്യാഭ്യാസ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുവാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ ;

(ബി) ഇതിനായി പ്രത്യേക ഡയറക്ടറേറ്റ് ആരംഭിക്കാൻ സർക്കാരിന് പദ്ധതിയുണ്ടോ ;

(സി) വിശദാംശങ്ങൾ അറിയിക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) അങ്ങനെയൊരു നിർദ്ദേശം സർക്കാരിന്റെ മുന്നിലുണ്ട്.

(സി) നിർദ്ദേശം പഠിച്ച് വരുന്നതേയുള്ളൂ.

**അനൗപചാരിക വിദ്യാഭ്യാസ പദ്ധതി**

**162 (3725)** ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ :
ശ്രീ. സി. പി. മുഹമ്മദ് :
ശ്രീ. ഡൊമിനിക് പ്രസന്റേഷൻ :
ശ്രീ. എ. കെ. മണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) അനൗപചാരിക വിദ്യാഭ്യാസം എന്നതിൽ എന്തെല്ലാം വിദ്യാഭ്യാസ പദ്ധതികളാണ് ഉൾപ്പെടുന്നതെന്ന് പറയാമോ ;

LIBRARY ARCHIVES Kerala Legislative Assembly